പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2701 — 14-02-2013-ൽ മറുപടിക്ക്

## കാസർ ഗോഡ് ജില്ലയിലെ ജലനിധി പദ്ധതി

| ചോദ്യം<br>ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ). | മറുപടി<br>ശ്രീ. പി.ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
|---|---|
| (എ) കാസർ ഗോഡ് ജില്ലയിൽ ജലനിധി പദ്ധതിയിൽ ഏതൊക്കെ പഞ്ചായത്തുകളെയാണ് തെരഞ്ഞെടുത്തിട്ടുള്ളത്; | (എ) കാസർ ഗോഡ് ജില്ലയിലെ പുല്ലൂർ പെരിയ, പടന്ന, പുതിഗെ ഗ്രാമപഞ്ചായത്തുകൾ ജലനിധി രണ്ടാം ഘട്ട പദ്ധതിയുടെ ആദ്യ ബാച്ചിൽ തെരഞ്ഞെടുക്കപ്പെട്ടിട്ടുണ്ട്. |
| (ബി) ഓരോ പഞ്ചായത്തിലും എത്ര ലക്ഷം രൂപയുടെ പദ്ധതിയാണ് ഏറ്റെടുത്ത് നടപ്പിലാക്കുന്നതെന്ന് വിശദമാക്കാമോ; | (ബി) ഗ്രാമപഞ്ചായത്തുകളുടെ വിശദമായ സ്കീം റിപ്പോർട്ടുകൾക്ക് ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകുന്നത് ഇപ്പോഴും തുടരുകയാണ്. എല്ലാ പദ്ധതികൾക്കും ഇവ നൽകിക്കഴിഞ്ഞാൽ മാത്രമേ ഓരോ പഞ്ചായത്തിലും അന്തിമമായി എത്ര കോടി രൂപയുടെ പദ്ധതികളാണ് നടപ്പിലാക്കുക എന്ന് പറയുവാൻ കഴിയുകയുള്ളൂ. ഉദ്ദേശം 4 കോടി രൂപ വീതമെങ്കിലും ഓരോ പഞ്ചായത്തിലും പദ്ധതിക്കായി ചെലവഴിക്കുന്നതാണ്. |
| (സി) മേൽ പദ്ധതിയിൽ കൂടുതൽ പഞ്ചായത്തുകളെ ഉൾപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ? | (സി) രണ്ടാം ബാച്ചിൽ ബളാൽ, പൈവലികെ, ദേലംപാടി, ഈസ്റ്റ് എളേരി, ബെള്ളൂർ എന്നീ പഞ്ചായത്തുകളും തുടർന്നുള്ള ബാച്ചുകളിൽ മംഗൾപാടി, പനത്തടി, കള്ളാർ, മധൂർ, വെസ്റ്റ് എളേരി, മുളിയാർ. അജനൂർ, കിനാനൂർ-കരിന്തളം, മീഞ്ച എന്നീ പഞ്ചായത്തുകളുമാണ് പരിഗണനയിലുള്ളത്. |

സെക്ഷൻ ഓഫീസർ